## സ്ഥാപനത്തിൽ വല്ലപ്പോഴും കയറ്റിറക്കു ജോലി ചെയ്യുന്ന തൊഴിലാളികളെ ചുമട്ടുതൊഴിലാളികളായി രജിസ്റ്റർ ചെയ്യാനാവില്ല

### കേരള ഹൈക്കോടതി

W.P. (C) No. 29507/2019 Dt. 28.1.2020

മധു ചെറിയാൻ

x

ഡിസ്ട്രിക്ട് ലേബർ ഓഫീസർ, പത്തനംതിട്ട

കുരുവിള ഏന്റ് കമ്പനി എന്ന സ്ഥാപനം മേൽക്കൂര നിർമ്മാണ സാമഗ്രികളും മറ്റും വില്ക്കുന്ന കടയാണ്. അവിടെ ജോലി ചെയ്യുന്ന മൂന്ന് തൊഴിലാളികളാണ് സാമഗ്രികൾ കയറ്റുകയും ഇറക്കുകയും ചെയ്യുന്നത്. വല്ലപ്പോഴും മാത്രമേ അത്തരം ജോലികളിൽ അവർക്ക് ഏർപ്പെടേണ്ടിവരാറുള്ളു. സാധാരണയായി മറ്റു ജോലികളാണ് അവർ ചെയ്യുന്നത്. അപ്രകാരമിരിക്കെ ചുമട്ടു തൊഴിലാളി നിയമപ്രകാരം തങ്ങളെ രജിസ്റ്റർ ചെയ്യണമെന്ന് ആവശ്യപ്പെട്ട് അവർ അസിസ്റ്റന്റ് ലേബർ ഓഫീസർ മുമ്പാകെ അപേക്ഷ നല്കി. അത് ആ ഉദ്യോഗസ്ഥൻ തിരിസ്കരിച്ചപ്പോൾ തൊഴിലാളികൾ ജില്ലാ ലേബർ ഓഫീസർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ചുമട്ടുതൊഴിലാളി പദ്ധതിയനുസരിച്ച് രജിസ്റ്റർ ചെയ്ത നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുമെന്നും സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററുകളിൽ കൃത്രിമം നടത്തിയിട്ടുണ്ടെന്നും മറ്റും ചൂണ്ടിക്കാട്ടി തൊഴിലാളികളുടെ അപ്പീൽ ജില്ലാ ലേബർ ഓഫീസർ തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളികൾ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. മറ്റു തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുമെന്ന കാരണം ചൂണ്ടിക്കാട്ടി തൊഴിൽ ചെയ്യാനുള്ള തങ്ങളുടെ മൗലികാവകാശം നിഷേധിക്കാനാവില്ലെന്ന് തൊഴിലാളികൾ വാദിച്ചു. സ്ഥിരം കയറ്റിറക്കു തൊഴിലാളികൾക്കു മാത്രമേ ചുടമട്ടുതൊഴിലാളി നിയമപ്രകാരം രജിസ്റ്റർ ചെയ്യാനാവൂ എന്ന് ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് വാദിച്ചു. ഹർജിക്കാർ വല്ലപ്പോഴും മാത്രമാണ് കയറ്റിറക്കു ജോലി ചെയ്യുന്നത് എന്നാണ് രജിസ്ട്രേഷനുള്ള അപേക്ഷയിൽ എഴുതിയിട്ടുള്ളത് എന്നും ബോർഡ് വാദിച്ചു. സ്ഥാപനത്തിലെ മറ്റു ജോലികൾക്കിടയിൽ വല്ലപ്പോഴും കയറ്റിറക്കു ജോലി ചെയ്യുന്ന തൊഴിലാളികളെ ചുമട്ടു തൊഴിലാളികളായി കണക്കാക്കാനാവില്ലെന്ന് നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ടെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ഹർജിക്കാർ വല്ലപ്പോഴും മാത്രം കയറ്റിറക്കു ജോലി ചെയ്യുന്നവരായതിനാൽ അവർ ചുമട്ടുതൊഴിലാളികളല്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ ഓഫീസറുടെ ഉത്തരവ് ശരിവയ്ക്കുകയും തൊഴിലാളികളുടെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.